കെ. സുന്ദരൻ,
ചീഫ് എൻജിനീയർ,
പൊതുമരാമത്ത് വകുപ്പ്
ഡിസൈൻ & അഡ്മിനിസ്ട്രേഷൻ.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്
ഭരണവിഭാഗം,
തിരുവനന്തപുരം

**അർദ്ധ ഔദ്യോഗിക കത്ത് നമ്പർ ഇഎ2 - 10488/12/പൊ.മ.വ തീയതി 07/07/2012.**

പ്രിയപ്പെട്ട ശ്രീ.....................................,

വിഷയം : **പൊതുമരാമത്ത് വകുപ്പ്- വൈകല്യം ബാധിച്ച വികലാംഗരായ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ എണ്ണം തിട്ടപ്പെടുത്തുന്നത്- സംബന്ധിച്ച്.**

സൂചന : സംസ്ഥാന വികലാംഗ കമ്മീഷണറുടെ 07/05/12 തീയതിയിലെ കത്ത് നമ്പർ 82/2012/എസ് 2/ എസ്.സി.പി.ഡബ്ളിയൂ.ഡി നമ്പർ കത്ത്.

സൂചനയിലെ കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമയിൽ ഈ വകുപ്പിൽ ജോലി ചെയ്തു വരുന്ന വികലാംഗരായ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കണമെന്ന് സംസ്ഥാന വികലാംഗ കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ താങ്കളുടെ ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലേയും വികലാംഗരായ ജീവനക്കാരുടെ എണ്ണം പ്രൊഫോർമയിൽ രേഖപ്പെടുത്തി ശേഖരിച്ച് ക്രോഡീകരിച്ച് ഈ ഓഫീസിൽ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു. താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി രണ്ടാഴ്ചയ്ക്കകം വിവരങ്ങൾ പ്രൊഫോർമയിൽ ഈ ഓഫീസിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

ഉള്ളടക്കം- സൂചനയിലെ കത്തും , പ്രൊഫോർമയും

**കെ. സുന്ദരൻ,**
ചീഫ് എൻജിനീയർ

എല്ലാ സൂപ്രണ്ട് എഞ്ചിനീയർമാർ,
ചീഫ എഞ്ചിനീയർ ( എൻ. എച്ച്, ഡിസൈൻ, KSTP)
A A (B&R, Technical), EC1 & EC2 Section
Copy to IT Section to upload in the website.

സ്വ/

TELEPHONE { OFFICE : 0471-2347704
FAX : 0471-2347704

GOVERNMENT OF KERALA

# STATE COMMISSIONERATE FOR PERSONS WITH DISABILITIES

**1st Floor, Govt. VTC, Social Welfare Institution Complex, Poojappura, Thiruvananthapuram**

നം.82/12/എസ്2/എസ്.സി.പി.ഡബ്ള്യൂ.ഡി തീയതി. 07.5.2012

## പരിപത്രം

വിഷയം: എസ്.സി.പി.ഡബ്ള്യൂ.ഡി- വൈകല്യം ബാധിച്ച വികലാംഗരായ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സർവ്വേ നടത്തുന്നത് - സംബന്ധിച്ച്.

പരാമർശം: കേന്ദ്ര മുഖ്യ വികലാംഗ കമ്മീഷണറുടെ 3.1.2012 തീയതിയിലെ കത്ത് നമ്പർ 10-02/CCD/2012 /R68 -ാം നമ്പർ കത്ത്.

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിനോക്കി വരുന്ന വികലാംഗരായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിയ്ക്കുവാൻ പരാമർശ പ്രകാരം കേന്ദ്ര മുഖ്യ വികലാംഗ കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

നിലവിൽ വികലാംഗർക്ക് സർക്കാർ സർവ്വീസ്/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡ്/കോർപ്പറേഷൻ/സഹകരണമേഖലകൾ എന്നിവിടങ്ങളിൽ 3% സംവരണം 1995 ലെ വികലാംഗ സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 33 പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതനുസരിച്ച് എത്ര ശതമാനം വികലാംഗർക്ക് പ്രസ്തുത സംവരണാനുകൂല്യം ലഭ്യമായിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ച് വിലയിരുത്തേണ്ടത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത പരിപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ താങ്കളുടെ വകുപ്പിൽ ജോലി ചെയ്തുവരുന്ന വികലാംഗരായ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ഒരു മാസത്തിനകം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

കമ്മീഷണർക്ക് വേണ്ടി

1. എല്ലാ വകുപ്പ് മേധാവികൾക്കും.
2. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
5. എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും

(2–4: ആമുഖ കത്ത് സഹിതം)

# PROFORMA

| Sl. No. | Name of Department | No. of employees appointed since 1996 | No. of employees with disabilities appointed since 1996 | No. of Women employees with disabilities appointed since 1996 | Percentage of employees with disabilities in relation to Total No. of Employees in the State Government Departments | Percentage of women employees with disabilities in relation to the total number of employees in the State Government Departments | Ratio of female employees with disabilities in relation to male employees with Disabilities |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |